# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

04/11/2019-ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1963

## ലക്ചറർ (ഹോം സയൻസ്) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പി.എസ്.സി 2018 ആഗസ്റ്റ് 16 - ന് പ്രസിദ്ധീകരിച്ച കോളേജ് ലക്ചറർ (ഹോം സയൻസ്) റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് നേടിയ ഫൈറൂസ.ടി എന്ന ഉദ്യോഗാർത്ഥിക്ക് ഇതുവരെ നിയമനം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഹോം സയൻസ് (ചൈൽഡ് ഡെവലപ്പ്മെന്റ്) തസ്തികയിലേയ്ക്ക് ഒരു ഒഴിവ് മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി ഒഴിവ് ഭിന്നശേഷി വിഭാഗത്തിന് അർഹതപ്പെട്ടതാണ്. ഫൈറൂസ.ടി എന്ന ഉദ്യോഗാർത്ഥിയുടെ നിയമന ശുപാർശ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ബി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് പതിനാല് മാസം പിന്നിട്ടിട്ടും പ്രസ്തുത ഉദ്യോഗാർത്ഥിക്ക് നിയമനം നല്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | എങ്കിൽ അത് പരിഹരിക്കുന്നതിനും എത്രയും വേഗം ടിയാൾക്ക് നിയമനം നല്കുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ